**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിയുടെ കൈവശാവകാശ രേഖയും നൽകുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി പതിച്ചു നൽകിയെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 218 പേർക്ക് 41.12 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്യുകയും കൂടാതെ വനാവകാശ നിയമ പ്രകാരം 2302 പേർക്ക് 2617.21 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 2637 പേർക്ക് 2710.53 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>തിരുവനന്തപുരം ചെറ്റച്ചലിൽ 20 വർഷത്തിലധികമായി നടന്നുവന്നിരുന്ന ഭൂസമരം അവസാനിപ്പിച്ച ഈ സർക്കാർ, മറ്റു ഭൂപ്രശ്നങ്ങളും പരിഹരിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ-വനം വകുപ്പുകളുമായി ചേർന്നുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റവന്യൂ-വനം വകുപ്പുകളുമായി മന്ത്രിതല ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ഓരോ ജില്ലയിലേയും ഭൂരഹിതരുടെ അപേക്ഷ പരിശോധിച്ച് അവർക്ക് ഭൂമി നൽകുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **മലപ്പുറം ജില്ലയിലെ 549 കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന നടപടി അന്തിമഘട്ടത്തിലാണ്.** |

സെക്ഷൻ ഓഫീസർ